പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 7 — 01-12-2014-ലെ മറുപടിയ്ക്ക്

## നീര ഉല്പാദനത്തിനും വിതരണത്തിനും അനുമതി

ചോദ്യം:

ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. റ്റി.എൻ. പ്രതാപൻ
ശ്രീ.ഹൈബി ഈഡൻ
ശ്രീ.പാലോട് രവി

ഉത്തരം:

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | നീര ഉല്പാദിപ്പിക്കുന്നതിനും വിതരണം നടത്തുന്നതിനും എക്സൈസ് വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; | (എ) | 23.9.2013 -ലെ ജി.ഒ.(എം.എസ്) നമ്പർ 160/2013/നി.വ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിന്, കള്ളുഷാപ്പുകൾ വില്പന നടക്കാത്തതിനാൽ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ, ഒന്നിൽ കൂടുതൽ യൂണിറ്റുകൾക്കും മറ്റു ജില്ലകളിൽ ഓരോ യൂണിറ്റുകൾക്കും നീര ഉല്പാദിപ്പി ക്കുവാൻ ആദ്യഘട്ടത്തിൽ എക്സൈസ് വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. തുടർന്ന് ബോണഫൈഡ് ജാഗറി ഉല്പാദകർ, കേരള സംസ്ഥാന ബിവറേജസ് (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി/സമിതി, കോക്കനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻ, കേരള കാർഷികസർവ്വകലാശാല, അഗ്രോ ഇൻഡ സ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ എന്നിവയ്ക്ക് ലൈസൻസ് നൽകി സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതി നുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നിലവിൽ സംസ്ഥാനത്താകെ 63 നാളികേര ഉല്പാദക ഫെഡറേഷനുകളുടെ യൂണിറ്റുകൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | നീരയുടെ ഉല്പാദനത്തിനും വിതരണത്തിനും വേണ്ടി ബന്ധപ്പെട്ട നിയമങ്ങളിൽ മാറ്റം വരുത്താൻ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | നീരയുടെ ഉൽപാദനവും വിതരണവും നിയമവിധേയമാക്കുന്നതിൻെറ ഭാഗമായി 14.2.2014-ലെ ജി.ഒ.(പി) 27/2014/നി.വ പ്രകാരം "ദി കേരള സ്വീറ്റ് റ്റോഡി (നീര) റൂൾസ് 2014" പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ടി റൂൾസ് പ്രകാരമാണ് സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും അനുമതി നൽകിയിട്ടുള്ളത്. |
| (സി) | നീരയുടെ ഉല്പാദനവും വിതരണവും നിരീക്ഷിക്കാനും നിയന്ത്രിക്കാനും ഭരണതലത്തിൽ സംവിധാനം ഒരുക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ ? | | നീരയുടെ ഉല്പാദനവും വിതരണവും നിരീക്ഷിക്കുന്നതിൻേറയും നിയന്ത്രിക്കുന്നതിൻേറയും ഭാഗമായി "ദി കേരള സ്വീറ്റ് റ്റോഡി (നീര) റൂൾസ് 2014" പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. കൂടാതെ കൃഷി-എക്സൈസ് വകുപ്പുകളെ ഏകോപിപ്പിച്ച്, കാർഷികോൽപാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും 13.5.2014-ലെ ജി.ഒ.(എം.എസ്) 66/2014/നി.വ പ്രകാരം നാളികേര നീര ബോർഡ് രൂപീകരിച്ചിട്ടുണ്ട്. തെങ്ങുകൃഷി കൂടുതൽ ആദായകരമായി നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്നതിനും നീരയെ ഒരു ആരോഗ്യ പാനീയം എന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തിൻെറ ഇതര ഭാഗങ്ങളിലും വിപണനം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് നാളികേര നീര ബോർഡ് രൂപീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ